

# പട്ടംപോലെ





Little kites

unit

-LK/2018/38025

SNDPHSS KARAMVELI



# Our Headmistress's message




It gives us great pleasure that a digital magazine is brought out by the little kites unit of S N D P H S S Karamveli school. At this joyous juncture, our hearts throb with feelings of gratitude to the almighty god for the blessings be showered on us.

I hereby submit the magazine 'pattam pole' to the public and also wish and pray that it may be a source of inspiration to our children.

N Omanakumari

Headmistress

# EDITORIAL

'PATTAM POLE' provides a platform for the young gifted building minds of our garden to share their expressions and views, thus create a history as "history is their whose language is the sun".

Like the seven beautiful colours of the rainbow,this magazine is before you to fascinate and mesmerise you. Thank you all tutors and children who had been of immense help in breathing life into these pages.

Smitha Sreeedharan

kite mistress



# EDITORS CREW



# LITTLE KITES 2018-'19



## താളുകളിലൂടെ


- വിജയത്തിന്റെ രഹസ്യം........................................8
- കുഞ്ഞു മനസ്സ് ........................................10
- കൊച്ചറിവുകൾ ........................................11
- മുൻപേ നടന്നയാൾ ........................................12
- ഓർമ്മയുടെ തീരത്ത് ........................................13
- ഒത്തു പിടിച്ചാൽ മലയും പോരും ........................................15
- പ്രളയം ബാക്കിവെച്ച ഓർമകൾ ........................................16
- മഹാത്മാഗാന്ധി ........................................19
- ഗുരുവിന്റെ പരീക്ഷണം ........................................20
- സ്വപ്നം........................................22
- നന്ദി ........................................23

## വിജയത്തിൻെ്റ രഹസ്യം

ഒരിക്കൽ ഒരു കാട്ടിലൂടെ ഒരു പുലി നടന്നു പോവുകയായിരുന്നു. അപ്പോൾ അവിടെ ഒരു മുയലിനെ കണ്ടു.പുലിക്ക് നല്ല വിശപ്പുണ്ടായിരുന്നു.പുലി അതിനെ പിടിക്കാൻ ഓടി.പക്ഷേ കിട്ടിയില്ല. പിന്നീട് രണ്ടാമത്തെ ദിവസവും അതേ മുയലിനെ തന്നെ കണ്ടു.വീണ്ടും ആ പുലി അതിനെ ഓടിച്ചു. അപ്പോഴും കിട്ടിയില്ല.അപ്പോൾ പുലിക്ക് വാശി കൂടി. മൂന്നാമത്തെ ദിവസവും അതിനെ കണ്ടു. പുലി ഓടിച്ചു കിട്ടിയില്ല. പിന്നെ നാല്,അഞ്ച് ഇങ്ങനെ തുടർന്നു എന്നിട്ടും പുലിക്ക് ആ മുയലിനെ കിട്ടിയില്ല. അങ്ങനെ പത്താമത്തെ ദിവസം പുലി മുയലിനെ കണ്ടു. അതിനെ പിടിക്കാൻ ഓടിച്ചു കിട്ടിയില്ല. അതോടി മുയലിൻെ്റ ചെറിയ പാറകൊണ്ടുള്ള കൂട്ടിൽ കയറി.ഒന്നും ചെയ്യാൻ കഴിയാഞ്ഞ ആ പുലി ആ കൂടിൻെ്റ അരികിൽ വന്നിരുന്ന് ചോദിച്ചു. "ഞാൻ പത്തു




ദിവസമായിട്ട് നിന്നെ ഓടിക്കുക അല്ലെ എന്താ എനിക്ക് നിന്നെ പിടിക്കാൻ സാധിക്കാത്തത് നീ ചെറുത് ആയതുകൊണ്ടാണോ? "മുയൽ തിരിച്ചും ഒരു ചോദ്യം ചോദിച്ചു."ഈ ലോകത്തിൽ വിശപ്പാണോ, ജീവനാണോ ഏറ്റവും വലുത്?" പുലി ഉത്തരം പറഞ്ഞു : ജീവൻ . ജീവൻ ഉണ്ടേൽ അല്ലെ വിശക്കുക ഒള്ളു ? അപ്പോൾ മുയൽ പറഞ്ഞു. അതുകൊണ്ടാണ് നിനക്കെന്നെ പിടിക്കാൻ കഴിയാത്തത്. നീ എന്നെ

പിടിക്കാൻ ഓടിച്ചത് നിൻെറ വിശപ്പിൻെറ ശമനത്തിനുവേണ്ടിയാണ്.
അതിന് ഞാൻ; അല്ലാ എങ്കിൽ മറ്റൊന്ന്. പക്ഷേ ഞാൻ ഓടിയത് എൻെറ
ഈ ജീവൻ പോയാൽ മറ്റൊന്നെനിക്കില്ല.നീ  ഇനി പത്തല്ല
നൂറ് ദിവസം എന്നെ ഓടിച്ചാലും നിനക്കെന്നെക്കിട്ടില്ല. ഒരു ലക്ഷ്യത്തിൽ
വിജയ് ച്ച് എത്തിച്ചേരാൻ ശരീരത്തിൻെറ ഘടനയോ,
വൈകല്ല്യങ്ങളോ, ജീവിതത്തിലെ കുറവോ ഒന്നും ഒരു പ്രശ്നമല്ല.
പകരം
ലക്ഷ്യത്തിലേക്കെത്താനുള്ള മനസ്സിൻെറ ഘടനയാണ് പ്രധാനം.[1]

റോബിൻ 9A

1

# കുഞ്ഞു മനസ്സ്

ഞാനൊരു വാവയായ് വന്നു
ഞാനെന്റെ വീട്ടിലെ അരുമയായ്, നക്ഷത്രമായ്
ഞാനന്ന് എല്ലാറ്റിനും സമർഥയായ്
ഞാനെന്റെ വീട്ടിലും നാട്ടിലും കുസൃതിയായി...........

നല്ലൊരു നാളേയ്ക്ക് വേണ്ടി ഞാൻ
നല്ലത് പഠിക്കുവാൻ
നൻമ പകരുമെൻ ഗുരുനാഥനിൽ
നിന്ന് അക്ഷരം പഠിച്ചു ഞാൻ, വിദ്യയും

വളർന്ന് വളർന്ന് ഞാനെന്റെ അറിവും, കഴിവും
വളരുന്ന തലമുറയ്ക്ക് നല്ലത് ചെയ്യുവാൻ
വരും കാലമെൻ സൗഭാഗ്യവും, ജീവിതവും
വലയുന്ന സഹജർക്ക് പകരുവാൻ മോഹം.

**ഗ്ലാഡി .കെ. ഗിരീഷ്**

# കൊച്ചറിവുകൾ

1. വൈദ്യുതിയെ ഏറ്റവും നന്നായി കടത്തിവിടുന്ന ലോഹം
   – വെള്ളി
2. പശുവിനെ കൊന്നാൽ 14 വർഷം കഠിനത്തടവ് അനുഭവിക്കുന്ന രാജ്യം
   – നേപ്പാൾ
3. ജനങ്ങളെക്കാൾ പട്ടിയെ സ്നേഹിച്ച രാജാവ്
   – ജെയിംസ് ഒന്നാമൻ
4. ചിരിച്ച ചിരിച്ച മരിച്ച മനുഷ്യൻ
   – ഗ്രീക്കുകാരനായ ഗുസ്താവ്
5. ഇന്ത്യക്കാരെ പുകവലിക്കാൻ പഠിപ്പിച്ചതാര്
   – പോർച്ചുഗീസുകാർ
6. പത്തു മിനിട്ടിനുള്ളിൽ 100 ലിറ്റർ വെള്ളം കുടിക്കാൻ കഴിവുള്ള ജീവി
   – ഒട്ടകം
7. ഓന്തിനെപ്പോലെ നിറം മാറുന്ന കടൽ ജീവി
   – നീരാളി
8. കാലുകളിലൂടെ ശ്വസിക്കുന്ന ജീവി
   – ബാൻറ് ബബ്ളർ എന്ന ഇനം ഞണ്ട്
9. നിറം മാറുന്ന കുന്നുകൾ
   – ആയേഴ്സ് പാറ
10. മനുഷ്യരെക്കാൾ കൂടുതൽ പഴക്കമുള്ള രാജ്യം
    – ആസ്ട്രേലിയ
11. 55 കുട്ടികൾക്ക് ജന്മം നൽകിയ മാതാവ്
    – ലിയോജീന ആൽബീനായക്

മാനസ പ്രവീൺ
8B

# മുൻപേ നടന്നയാൾ

തിരുവനന്തപുരത്തിനടുത്തുള്ള ചെമ്പഴന്തി ഗ്രാമത്തിലെ ഒരു കുടിപ്പള്ളിക്കുടം.ചെമ്പഴന്തി മൂത്തപിള്ള ആശാനാണ് അവിടെ കുട്ടികൾക്ക് അറിവ് പകർന്ന് കൊടുത്തിരുന്നത്.

നിലത്ത് വിരിച്ച മണ്ണിലിരുന്ന് കുട്ടികൾ എഴുത്തും വായനയും പഠിച്ചു. അവർ പത്തിരുപത് പേരുണ്ടായിരുന്നു. ഓരോ കുട്ടിയുടെയും പ്രത്യേകത അറിഞ്ഞ് ആശാൻ അവർക്ക് വഴികാട്ടി.

കുടിപ്പള്ളിക്കൂടത്തിലെ മിടുക്കനായ കുട്ടിയായിരുന്നു നാരായണൻ. അവർക്ക് കൂട്ടുകാർ സ്നേഹത്തോടെ നാണു എന്നു വിളിച്ചു. ഗുരു ചൊല്ലിക്കൊടുത്ത പാഠങ്ങൾ പെട്ടെന്ന് മനസ്സിലാക്കി.

എത്ര ശ്രമിച്ചിട്ടും നാണുവിന്റെ ഒപ്പമെത്താൻ മറ്റു കുട്ടികൾക്കായില്ല. ഇങ്ങനെയായാൽ എന്തു ചെയ്യും?എല്ലാവർക്കും ഒരുപോലെ പാഠങ്ങൾ ചൊല്ലിക്കൊടിക്കണമെന്നാണ് ആശാൻെ്റ ആഗ്രഹം ഒരാൾ മറ്റുള്ളവരെക്കാൾ ഏറെ മുൻപിൽ . ഇവരെ ഒരുമിച്ച് കൊണ്ടുപോകാൻ ഒക്കുമോ ? ഗുരു പല വഴികളും ആലോചിച്ചു.ആശാൻ ഇല്ലാത്ത അവസരങ്ങളിൽ നാണു സഹപാഠികളുടെഅടുത്തു ചെല്ലും. പഠിപ്പിച്ചതെല്ലാം സ്വന്തം രീതിയിൽഅവൻ അവരെ പഠിപ്പിക്കും. അവർ പെട്ടെന്ന് കാര്യങ്ങൾ ഗ്രഹിക്കാൻ തുടങ്ങി. ആശാന് സന്തോഷമായി. അദ്ദേഹം നാരായണനെ പ്രോൽത്സാഹിപ്പിച്ചു. അങ്ങനെ നാണു ആ കൊച്ചുസംഘത്തിൻെ്റ നേതാവായി മാറി. പഠിപ്പിച്ചു കഴിഞ്ഞ് ആശാൻ ചോദ്യങ്ങൾ ചോദിക്കും. കുട്ടികൾ ഉത്തരം പറയണം.അതാണ് അവിടുത്തെ രീതി.എന്നാൽ നാരായണൻ എത്തിയതോടെ അതിന് മാറ്റം വന്നു.ഓരോന്നു പഠിപ്പിച്ച് കഴിയുമ്പോഴും നാരായണന് സംശയമുണ്ടാകും.അവൻ ആശാനോട് ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കും.അദ്ദേഹം അതിനെല്ലാം മറുപടി നൽകും.കൂടുതൽ കാര്യങ്ങൾ കുറഞ്ഞ സമയം കൊണ്ട് പഠിക്കാൻ ഇതിലൂടെ കഴിഞ്ഞു.

**ഈ ബാലനാണ് ലോകം മുഴുവൻ ആദരിക്കുന്ന ശ്രീ നാരായണഗുരുവായി വളർന്നത്.മറ്റുള്ളവരെ സഹായിച്ചും ചുറ്റുപാടുകളിൽ നിന്ന് പഠിച്ചും അദ്ദേഹം അറിവ് നേടി.എല്ലാ മനുഷ്യരെയും ഒന്നായി കാണാൻ അദ്ദേഹം പഠിപ്പിച്ചു.**

**അശ്വിൻ സന്തോഷ് 9 B**

# ഓർമ്മയുടെ തീരത്ത്

കണ്ണനും അപ്പുവും ഉറ്റ ചങ്ങാതിമാരായിരുന്നു. കണ്ണൻ സാധുവായിരുന്ന അച്ഛൻെറയും അമ്മയുടെയുംമകനായിരുന്നു. അപ്പു നല്ലൊരു സാമ്പത്തിക നിലയിലുള്ളൊരു അച്ഛൻെറയും അമ്മയുടെയും മകനായിരുന്നു. ഉച്ചയ്ക്ക് ആഹാരം കഴിക്കാൻ വകയില്ലായിരുന്നകണ്ണന് ചോറുപാത്രം നീട്ടിയും. ഫീസടയ്ക്കാൻ കാശില്ലായിരുന്ന കണ്ണന് അപ്പുഅച്ഛൻെ്റ പോക്കറ്റിൽ നിന്നും കാശ് മോഷ്ടിച്ച് നൽകിയിട്ടുണ്ട്.

കണ്ണനായിരുന്നുക്ലാസിൽ ഒന്നാമൻ അപ്പു രണ്ടാമനുമായിരുന്നു. എന്നിട്ടും അവരുടെ സൗഹൃദത്തിന്ഭംഗമൊന്നും വന്നിട്ടില്ല. അവരുടെ മാതാപിതാക്കളും നല്ല കൂട്ടുകാരായിരുന്നു.

കണ്ണനും അപ്പുവും മികച്ച റാങ്കോടെ പത്താം ക്ലാസ് പാസായി. അവധിക്കാലത്ത്



കണ്ണനെഴുതിയിരുന്ന നോവലുകൾ കണ്ട് ഒരു മാസികയിൽ തുടർച്ചയായി എഴുതാൻ

അവൻ നാട്ടിൽ നിന്നും തിരുവനന്തപുരത്തേയ്ക്ക് പോയി. ഒരു നോവലിന് കേരള

സാഹിത്യ അക്കാഡമി  പുരസ്കാരം ലഭിച്ചു. അതിനു കിട്ടിയ തുക കൊണ്ട് അവൻ

പഠനം തുടർന്നു. കണ്ണന് നല്ലൊരു സമയം ആയിരുന്നു അത്. എന്നാൽ അപ്പുവിന്

അത്ര നല്ലതായിരുന്നില്ല. അവൻെ്റ അച്ഛൻെ്റ കച്ചവടം അവതാളത്തിലായി.

കട കെണിയിൽ പെട്ടുപോയ അച്ഛൻ ആത്മഹത്യ ചെയ്തു. ഇതു കണ്ടു സഹിക്കാതെ അമ്മ നെഞ്ചു പൊട്ടി മരിച്ചു. കണ്ണനുമായി ബന്ധപ്പെടാനൻ ശ്രമിച്ചിട്ടു നടന്നില്ല.

അപ്പുവിൻെ്റ വീടും മറ്റും ജപ്തി ചെയ്തു. എല്ലാം വിറ്റിട്ടും കടം തീർന്നില്ല. അപ്പു

ഒളിച്ചോടി. അടുത്ത ദിവസം കണ്ണനെ തിരക്കി എത്തിയ കണ്ണനോട് അയൽവാസിയായരമ കാര്യങ്ങൾ പറഞ്ഞു. കണ്ണൻ അപ്പുവിനെ പലയിടത്തും തിരക്കി അപ്പോഴേക്കുംകണ്ണൻ അറിയപ്പെടുന്ന ഒരു സാഹിത്യകാരനായി മാറിയിരുന്നു.35 വർഷങ്ങൾകഴിഞ്ഞിട്ടും കണ്ണനും അപ്പുവും കണ്ടുമുട്ടിയില്ല. അങ്ങനെയിരിക്കെ ഒരുനാൾ കണ്ണൻ ഭക്ഷണം കഴിക്കാൻ കയറിയ ഹോട്ടലിൽ

ജോലിക്കാരനായിരുന്ന അപ്പുവിനെ കണ്ടു.

കണ്ണൻ തൻ്റെ സമൂഹത്തിലുണ്ടായിരുന്ന നിലയും വിലയും മറന്ന് അപ്പുവിനെ ആലിംഗനം ചെയ്തു. വർഷങ്ങൾക്ക ശേഷം കണ്ട അവരുടെ സന്തോഷത്തിൽ മിഴികൾ ഈറനണിഞ്ഞു. കണ്ണൻ കാര്യങ്ങൾ തിരക്കിയപ്പോഴാണ് അറിഞ്ഞത് അപ്പു കല്യാണം കഴിച്ചില്ല തൻ്റെ ജീവിതം മുഴുവൻ ഇവിടെയായിരുന്നു ചെലവഴിച്ചത് എന്ന്. കണ്ണനും വിവാഹം കഴിച്ചില്ലായിരുന്നു. കണ്ണൻ ഒരു വീടു വാങ്ങി. അപ്പുവും കണ്ണനും ഒരുമിച്ച ആ വീട്ടിൽ താമസിക്കാൻ തുടങ്ങി. അങ്ങനെ സന്തോഷത്തോടെ

ജീവിക്കെ അപ്പു രോഗം വന്നു മരിച്ചു. കണ്ണൻ ഒരുപാട് വിഷമിച്ചു. കണ്ണൻ തൻ്റെ സുഹ്റിത്തിൻ്റെ ഓർമ്മയ്ക്ക് നടന്ന കാര്യങ്ങൾ വച്ച് ഒരു നോവൽ എഴുതി.

അതിന് 'ഓർമ്മയുടെ തീരത്ത് ' എന്ന് പേര് നൽകി. ആ നോവലിന് ദേശീയ പുരസ്കാരം വരെ കിട്ടി.

ആദിത്യ മനോജ് 9B

# ഒത്തു പിടിച്ചാൽ മലയും പോരും



ഒരിക്കൽ ഒരു  കൈയിലെ അഞ്ചു വിരലുകൾ തമ്മിൽ തർക്കിച്ചു .അവരിൽ ആരാണ് പ്രധാനി എന്നതായിരുന്നു തർക്കം. തള്ളവിരൽ പറഞ്ഞു "എന്തും എടുക്കാനും എഴുതാനും ഞാൻ വേണം". ചൂണ്ടുവിരൽ വാദിച്ചു ,"എന്തിനെയും ചൂണ്ടിക്കാണിക്കാനും "ഒന്നാമത്" എന്നു സൂചിപ്പിക്കാനും ഞാൻ വേണം". നടുവിരൽ പറഞ്ഞു," നീളത്തിൽ ഞാനാണ് ഒന്നാമൻ –ജന്മനാ നേതാവ്". അണിവിരൽ അവകാശപ്പെട്ടു, "വിവാഹമോതിരം അണിയുന്നത് ഞാനാണ്. കുടുംബത്തിന്റെ കിരീടവും സ്നേഹത്തിന്റെ പ്രതീകവുമാണ് മോതിരം". ചെറുവിരൽ പറഞ്ഞു, "ഏറ്റവും കൂടുതൽ ഓമനത്വം എനിക്കാണ്.കൈതൊഴാൻ ഞാനാണ് മുൻപിൽ നിൽക്കുന്ന നേതാവ്".അവസാനം കൈയുടെ ഉടമസ്ഥൻ പറഞ്ഞു,"നിങ്ങൾ എല്ലാവരും എനിക്ക് ഒരുപോലെ പ്റധാനവും പ്റിയങ്കരവും ആണ്.ഒറ്റയ്ക്ക് നിന്നാൽ നിങ്ങൾ നിസ്സഹായരാണ്.എന്നാൽ ഒത്തു ശ്റമിച്ചാൽ നിങ്ങൾക്ക് എന്തും ചെയ്യാൻ സാധിക്കും".

ആര്യ അനിൽ

9B

# പ്രളയം ബാക്കിവെച്ച ഓർമകൾ; കേരളം അതിജീവിച്ചത്

മഹാപ്രളയത്തിൽ നിന്നും കരകയറുകയാണ്. ഓർത്തെടുക്കുമ്പോൾ ഭയപ്പെടുത്തുകയും ഒരു മലയാളിയായതിൽ അഭിമാനം തോന്നുകയും ചെയ്യുന്ന നിമിഷങ്ങളുണ്ട്. കുളിൽതെന്നലിന്റെ സുഖമുള്ള മഴയോർമകൾ മനസിൽ സൂക്ഷിച്ചിരുന്ന മലയാളി കണ്ടത് മഴയുടെ രൗദ്രഭാവം, നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം.

കാലവർഷം പതിവിലുമധികം ശക്തി പ്രാപിക്കുന്നത് നാം ശ്രദ്ധിച്ചിരുന്നില്ല. എല്ലാ കൊല്ലത്തേയും പോലെ കുട്ടനാട്ടിൽ മാത്രം ഒതുങ്ങും മഴക്കെടുതിയുടെ ദുരന്തങ്ങളെന്ന് കേരളം കരുതി. വെറുതെയങ്ങു തിരിച്ചു പോകാൻ വന്നതല്ല എന്ന സൂചന നൽകി മലയോരങ്ങളിൽ വ്യാപകമായ മണ്ണിടിച്ചിലും ഉരുൾപൊട്ടലും. ഡാമുകളിൽ ജലനിരപ്പ് ഉയർന്നു തന്നെ.



## ജലനിരപ്പുയരുന്നു; ആശങ്കയും

ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് ഉയരുന്ന വാർത്തകൾ ആശങ്കയ്ക്ക് പകരം ആകാംഷയോടെയാകും ഒരു പക്ഷേ മലയാളികൾ കേട്ടത്. ഡാമിന്റെ ഷട്ടറുകൾ

തുറക്കുന്ന ചരിത്ര നിമിഷത്തിന് സാക്ഷ്യം വഹിക്കാനായി ഇടുക്കിയിലേക്ക് ജനപ്രവാഹം.ട്രയൽ റണ്ണിനായി തുറന്ന ഷട്ടറുകൾ പിന്നീട് അടയ്ക്കേണ്ടി വന്നില്ല. ചരിത്രത്തിലാദ്യമായി ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകളും ഉയർത്തി. കാലവർഷം അതിന്റെ എല്ലാ ഭീകരതോടെയും ആർത്തലച്ചു. റോഡുകൾ ഒലിച്ചു പോയി, വീടുകൾ നിലംപൊത്തി, കുന്നുകൾ ഇടിഞ്ഞു. രാജ്യം 72ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ ആശങ്കയുടെ നിഴൽ വീണിരുന്നു കേരളത്തിന്റെ ആകാശത്ത്.

## ക്യാമ്പിലേക്ക്

കിട്ടിയതൊക്കെ കയ്യിലെടുത്ത് ദുരിതാശ്വാസ ക്യാമ്പിലേക്ക് ഓടിയവർ, വീടിന്റെ രണ്ടാം നിലയിൽ അഭയം പ്രാപിച്ചവർ, ചത്തുപൊങ്ങിയ വളർത്തു മൃഗങ്ങൾ, ഒറ്റപ്പെട്ട് കുടുങ്ങിക്കിടക്കുന്നവർക്കായുള്ള ഉറ്റവരുടെ സഹായാഭ്യാർത്ഥനകൾ. ഒരു മനുഷ്യായുസ്സിൽ മറക്കാൻ കഴിയാത്ത നടുക്കുന്ന ഓർമകളാണ് പ്രളയം സമ്മാനിച്ചത്.

## മത്സ്യത്തൊഴിലാളികൾ

കേരളത്തിന്റെ സൈന്യമായി മത്സ്യത്തൊഴിലാളികൾ എത്തി. കുടുങ്ങിക്കിടക്കുന്നവരെ തേടി വഴിയറിയാത്ത ഇടങ്ങളിലൂടെ കടലിന്റെ മക്കൾ പോയി. സാമൂഹ്യമാധ്യമങ്ങൾ കൺട്രോൾ റൂമുകളായി. സൈന്യവും, പോലീസും, ഭരണകൂടവും, ജനങ്ങളും പ്രളയം തകർക്കാത്ത നാടായി കേരളത്തെ



പട്ടം പോലെ

കൈപിടിച്ചുയർത്തി

## ഒറ്റക്കെട്ടായി


കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ കേരളം ഒറ്റക്കെട്ടായി മഹാപ്രളയത്തെ നേരിട്ടു. ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിക്കാൻ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഒരുമിച്ചെത്തിയതിനെ ദേശീയ മാധ്യമങ്ങൾ വരെ വാഴ്ത്തി പറഞ്ഞു. എയർ ലിഫ്റ്റിംഗിലൂടെ ഗർഭിണികളെയും കുട്ടികളെയും പൊക്കിയെടുത്ത് സുരക്ഷിത സ്ഥാനങ്ങളിലെത്തിച്ചു. പ്രതീക്ഷയുടെ പുൽനാമ്പുകൾ വീണ്ടും തളിർത്തു തുടങ്ങി.

## അതിജീവിക്കും

കേന്ദ്രസഹായവും വിദേശ സഹായവുമൊക്കെ തർക്ക വിഷയങ്ങളാണെങ്കിലും കേരളത്തിന് അതിജീവിച്ചെ മതിയാകു. ഓരോ മലയാളിയും നമ്മുടെ കരുത്ത് തിരിച്ചറിയണം. നിപ്പയേയും ഓഖിയേയുമൊക്കെ അതിജീവിച്ചതുപോലെ മഹാപ്രളയത്തെയും കേരളം ചങ്കുറ്റത്തോടെ നേരിടുകയാണ്. നവകേരളം കെട്ടിപ്പടുക്കാനായി.

സ്മിത ശ്രീധരൻ
കൈറ്റ് മിസ്ട്രസ്സ്

# മഹാത്മാഗാന്ധി



ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ഗുജറാത്തിലെ പോർബന്ധറിൽ

ജനിച്ചു. 1893 ൽ ദക്ഷിണാഫ്രിക്കയിലെത്തിയ ഗാന്ധിജി വർണ്ണവിവേചനത്തിനെതിരെ

ശക്തമായി പോരാടി.സ്വാതന്ത്ര്യസമരനായകനായ ഗാന്ധിജി ഇന്ത്യൻ ജനതയെ മുഴുവന് നയിച്ച് സ്വാതന്ത്ര്യത്തിലേക്കെത്തിച്ചു.

ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിത്തരുന്നതിൽ പ്രധാനപങ്ക് വഹിച്ചത്

ഗാന്ധിജിയാണ്.സത്യം,അഹിംസ എന്നിവയായിരുന്നു അദ്ദേഹത്തിന്റെ ആയുധങ്ങൾ

ഗാന്ധിജിയുടെ ധീരതയ്ക്കു മുൻപിൽ ബ്രിട്ടീഷുകാർ പരാജയപ്പെടുകയാണ് ഉണ്ടായത്. അദ്ദേഹത്തിന്റെ ആത്മകഥയാണ് 'എന്റെ സത്യാന്വേഷണ

പരീക്ഷണങ്ങൾ'.

1948–ൽ ബിർളാമന്ദിരത്തിൽ നടന്ന പ്രാർത്ഥന യോഗത്തിൽ വച്ച്

ഒരു മതഭ്രാന്തൻ ഗാന്ധിജിയെ വെടിവെച്ചു കൊന്നു.

വിഷ്ണു ബി.

9B

# ഗുരുവിൻെറ പരീക്ഷണം

കൗരവരുടെയും പാണ്ഡവരുടെയും ഗുരുവായിരുന്നു ദ്രോണാചാര്യർ.ഒരു ദിവസം അദ്ദേഹം ശിഷ്യന്മാരെയെല്ലാം അടുത്തു വിളിച്ചു.എന്നിട്ട് പറഞ്ഞു :,"കുമാരന്മാരേ,നിങ്ങളിൽ ആരാണ് അസ്ത്റവിദ്യയിൽ ഏറ്റവും കേമൻ? ഒരു പരീക്ഷണം നടത്താം".

പരീക്ഷണം എന്താണെന്നറിയാൻ കൗരവറും പാണ്ഡവരും ആകാംക്ഷയോടെ ഗുരുവിനെ നോക്കിനിന്നു.അപ്പോൾ അദ്ദേഹം മരം ചൂണ്ടിക്കാണിച്ചു.മരത്തിൽ ഒരു പക്ഷിയുടെ പ്റതിമ തൂക്കിയിട്ടിരുന്നു."ആ പക്ഷിയെ അമ്പെയ്തു വീഴ്ത്തണം" .ഗുരു പറഞ്ഞു.

ഉടൻ തന്നെ എല്ലാവരും അമ്പും വില്ലുമായി പക്ഷിയെ ഉന്നം വച്ച് തയ്യാറായി നിന്നു.ഗുരു ആദ്യം യുദിഷ്ടിരൻെറ അടുത്തു ചെന്നു.എന്നിട്ടു ചോദിച്ചു:" യുധിഷ്ഠിരാ,കുമാരനിപ്പോൾ എന്തൊക്കെ കാണുന്നുണ്ട് ?"

"ഞാൻ ആ മരവും അതിലെ പക്ഷിയെയും അങ്ങയെയും കാണുന്നുണ്ട് " യുധിഷ്ഠിരൻ പറഞ്ഞു.

"അമ്പും വില്ലും താഴെ വച്ചിട്ട് മാറിനിന്നോളൂ" ഗുരു അറിയിച്ചു.എന്നിട്ട് ദുര്യോധനനോട് ചോദിച്ചു:" കുമാരാ ഇപ്പോൾ എന്തൊക്കെ കാണുന്നുണ്ട് ?" " ചുറ്റുമുളള എല്ലാം തന്നെ ഞാൻ കാണുന്നുണ്ട്.അസ്ത്റം തൊടുക്കട്ടെ ഗുരോ ?" ദുര്യോധനൻ ചോദിച്ചു.

ദുര്യോധനനോടും മാറി നിൽക്കാൻ ഗുരു പറഞ്ഞു.

യുധിഷ്ഠിരനും ദുര്യോധനനും പറഞ്ഞതു തന്നയാണ് മറ്റു ശിഷ്യന്മാരും പറഞ്ഞത്.അവരോടെല്ലാം അമ്പും വില്ലും താഴെ വയ്ക്കാൻ ഗുരു അറിയിച്ചു.

ഒടുവിൽ അർജ്ജുനൻെറ ഊഴമായി."അർജ്ജുനാ,കുമാരൻ എന്താണിപ്പോൾ കാണുന്നത്?" ഗുരു തിരക്കി.

"ഗുരോ, ആ പക്ഷിയുടെ കഴുത്ത് മാത്റമേ കാണുന്നുള്ളൂ " അർജ്ജുനൻ പറഞ്ഞു.

"ശരി, അസ്ത്റമയച്ചോളൂ." ഗുരു അനുവാദം നൽകി.ഉടനെ അർജ്ജുനൻെറ വില്ലിൽ നിന്ന് അസ്ത്റം കുതിച്ചു പാഞ്ഞു. അടുത്ത നിമിഷം പക്ഷി പ്റതിമയുടെ കഴുത്തിൽ അസ്ത്റം തറച്ച് അത് താഴേക്ക് വീണു!

അത് കണ്ട് സന്തോഷവാനായ ഗുരു പറഞ്ഞു:"അർജ്ജുനൻ പക്ഷിയെ വീഴ്ത്തിയത് കണ്ടില്ലേ ക്റിത്യ സ്ഥലത്ത് മാത്റം ശ്റദ്ധിച്ച് അസ്ത്റം തൊടുത്തതു കൊണ്ടാണ് സാധിച്ചത് .പല കാര്യങ്ങൾ നോക്കി നിന്ന നിങ്ങൾക്കാർക്കും അതിനു കഴിയില്ലെന്ന് എനിക്കറിയാമായിരുന്നു".

ഗുരു പറഞ്ഞത് ശിഷ്യന്മാർക്ക് മനസ്സിലായി.അവർ അദ്ദേഹത്തെ താണു വണങ്ങി.

# സ്വപ്നം

സ്വപ്നം കാണുകയെന്നത് മനുഷ്യരുടെ നൈസർഗിക വാസനയാണ്, സിദ്ധിയാണ്. സ്വപ്നം നാളേയിലേക്കുള്ള ഗോപുരവാതിലുകൾ തുറക്കുന്നു. അതുകൊണ്ടാണ് എ പി ജെ അബ്ദുൾകലാം കുട്ടികളോട് വലിയതും അസാധ്യമായതും (Dream the Big, Dream the Impossible)സ്വപ്നം കാണാൻ നിർദേശിച്ചത്. അതൊരു തുടക്കമാണ്. സ്വപ്നങ്ങൾ നാളേക്കുള്ള മോഹങ്ങൾക്ക് പിറവി നൽകുന്നു. അത് വരുംകാലത്തേക്കുള്ള പ്രതീക്ഷകൾ കൂടിയാണ്. ആ പ്രതീക്ഷകളിൽനിന്നാണ് ലക്ഷ്യമേതെന്ന് തിരിച്ചറിയുന്നത്. ലക്ഷ്യങ്ങളിലേക്കുള്ള മാർഗം തെളിയുന്നത്. ലക്ഷ്യത്തിലേക്കെത്തിച്ചേരാനുള്ള തീവ്രശ്രമങ്ങളപ്പോഴാണ് സജീവമാകുന്നത്; ലക്ഷ്യപ്രാപ്തിയിലെത്തിച്ചേരുന്നതും.

സ്വപ്നങ്ങളുടെ രസതന്ത്രമന്വേഷിക്കുന്നതിലൊരു കൌതുകമുണ്ട്. ഒരാൾക്ക് അയാളുടെ സ്വപ്നത്തിന്റെ വേരുകൾ കണ്ടെത്താൻ അതൊരു രസകരമായ അന്വേഷണമായിരിക്കും:

1). പ്രതികൂല സാഹചര്യങ്ങളിൽ നിന്ന് ചിലരുടെ സ്വപ്നം രൂപം കൊള്ളുന്നു.

വിഷമങ്ങളും സംഘർഷങ്ങളുമൊരുക്കുന്ന കടൽ നീന്തിക്കടക്കാനാണ് അവർ സ്വപ്നം കാണുന്നത്. വിഷമങ്ങൾക്കറുതി വരുത്താനവർ സ്വപ്നിക്കുന്നു. പരിമിതികളെയും പരിധികളെയും മറികടക്കാനാണവരുടെ സ്വപ്നം. ചാർളി ചാപ്ളിൻ എന്ന അനശ്വര പ്രതിഭയെ കുറിച്ചോർക്കുക. കുട്ടിക്കാലത്തെ കഷ്ടപ്പാടുകളിൽ അദ്ദേഹത്തിന്റെ സ്വപ്നങ്ങുടെ വേരുകളാണ്ട് കിടക്കുന്നു. ഒരു സ്റ്റേജ് പെർമോർമറായ അമ്മയ്ക്ക് ലഭിക്കുന്ന നാണയങ്ങളും നോട്ടുകളും പെറുക്കിയെടുത്ത് കൂട്ടിയ ഒരു ആൺകുട്ടി ചാപ്ളിന് പിന്നിലെപ്പോഴുമുണ്ട്. പട്ടിണിയെക്കുറിച്ചുള്ള അഭ്രകാവ്യത്തിന് പിന്നിൽ കുട്ടിക്കാല സങ്കടങ്ങളുണ്ട്. ചിലർക്ക് അവരുടെ സാഹചര്യങ്ങളും ചുറ്റുവട്ടവുമ സ്വപ്നങ്ങൾക്ക് വിത്ത് പാകുന്നു.

2). ജീവിതത്തിൽ സ്വന്തമായൊരു രചന, വേറിട്ടൊരു സൃഷ്ടി, നടത്തണമെന്ന മോഹങ്ങളിൽ നിന്നാവും ചിലരുടെ സ്വപ്നങ്ങളുടെ അങ്കുരമുയരുക. പുതുതായൊന്ന് കണ്ടെത്താനുള്ള മോഹമാണത്. ഇല്ലായ്മകളിൽ നിന്നല്ല, നിലനിൽക്കുന്ന പലതിൽ നിന്നും വേർപെട്ട് നിൽക്കുന്ന മറ്റൊന്നിന്റെ സൃഷ്ടിയാണ് സ്വപ്നത്തിന്റെ അടിത്തറ. റോബർട്ട് ഫ്രോസ്റ്റിന്റെ വിഖ്യാതമായ പ്രവേശിക്കാത്ത പാത (The Road Not Taken) എന്ന കവിതയിലെ അവസാന വരികൾ ഇങ്ങനെ:

'വേറിട്ടു നിൽക്കുന്നിരുപാതകൾ കാട്ടിൽ, പിന്നെ ഞാനും
എമ്പാടും പേർ യാത്ര ചെയ്യാപ്പാത ഞാൻ സ്വീകരിച്ചു

**സർവമാറ്റത്തിനും കാരണമതുമാത്രം'**
**പുതുവഴികളെക്കുറിച്ചുള്ള സ്വപ്നങ്ങളാണ് ചിലരുടെ വിജയത്തിന്റെ ഉത്ഭവകേന്ദ്രം.**

**3). ഒരാൾ മറ്റൊരാളിന്റെ സ്വപ്നത്തിന് പ്രചോദനമായിത്തീരാറുണ്ട്. വ്യക്തിയുടെ പ്രവൃത്തികളോ വിഭാവനം ചെയ്ത ആശയങ്ങളോ ഒരാളിന്റെ സ്വപ്നത്തിന് വളമായി മാറുന്നു. അത് മാതാപിതാക്കളാകാം. എന്റെ എല്ലാവിധ വിജയങ്ങൾക്കും കാരണമായിത്തീർന്നത് എന്റെ പ്രിയപ്പെട്ട അമ്മയെന്ന്, ജർമനിയിൽ ഫർണിച്ചർ വിൽപനാശൃംഖലകൾ ഉണ്ടാക്കിയ കാൾ കുബേൽ. ഒരു പ്രതിഭ മറ്റൊരു പ്രതിഭയുടെ സ്വപ്നത്തിന് പ്രചോദനശക്തിയായി മാറുന്നു. കറുത്ത വർഗക്കാരുടെ ഇതിഹാസപുരുഷനായ മാർട്ടിൻ ലൂതർ കിങ്ങ് ജൂനിയറിന് ആരാധനാമൂർത്തി മഹാത്മാഗാന്ധിയായിരുന്നു. അടിച്ചമർത്തപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്ത കറുത്ത വർഗക്കാരുടെ വിമോചനമായിരുന്നു മാർട്ടിൻ ലൂതർകിങ്ങിന്റെ സ്വപ്നം. സാമൂഹിക സമത്വത്തിന്റെ ഒരു ലോകം. 1963 ആഗസ്റ്റ് 28 ന് വാഷിങ്ടൺ ഡിസിയിൽവച്ച് മാർട്ടിൻ ലൂതർ കിങ് ജൂനിയർ നടത്തിയ പതിനേഴ് മിനിറ്റ് പ്രഭാഷണത്തിൽ വെളിപ്പെടുത്തിയ സ്വപ്നം. 'ഒരു നാൾ ഈ രാജ്യം അതിന്റെ പൌരന്മാർക്കൊക്കയും അതിന്റെ യഥാർഥ അർഥതലം പ്രദാനം ചെയ്യാൻ മാത്രം ഉയരുകയും ശ്രമിക്കുകയും ചെയ്യുന്നത് ഞാൻ സ്വപ്നം കാണുന്നു. എല്ലാവരും തുല്യരായാണിവിടെ ജനിക്കുന്നതെന്ന സത്യം മുറുകെപ്പിടിക്കുന്നത് സ്വയം വെളിപ്പെടുത്തുന്നതാണെന്റെ സ്വപ്നം'.**

4). ഒരിക്കലും സ്വപ്നം കാണാതിരിക്കാൻ സാധിക്കാത്തതുകൊണ്ട് ചിലർ സ്വപ്നം കാണുന്നു. അവരുടെയോ അവരുടെ ദേശത്തിന്റെയോ അദമ്യമായ അഭിലാഷങ്ങളിൽനിന്നാണ് സ്വപ്നം തളിർക്കുന്നത്. ദക്ഷിണാഫ്രിക്കയിലെ സ്വാതന്ത്ര്യസമര നേതാവായ നെൽസൺ മണ്ടേലയുടെ സ്വപ്നത്തിന്റെ ചിറകുകളരിയാൻ ഇരുമ്പഴികൾക്ക് കഴിഞ്ഞില്ല. ദീർഘകാല തടവറവാസം സ്വപ്നത്തെ ചുട്ടുകരിച്ചില്ല. റോബൺ ദ്വീപിലും പെൾസ്മൂർ, വിക്ടർ വിൻസ്റ്റൻ എന്നിവിടങ്ങളിലുമുള്ള തടവറകളിലായിരുന്നു ഇരുപത്തിയേഴ് വർഷക്കാലം. ഭരണകൂടത്തിന്റെ കിരാത പ്രവൃത്തികൾക്ക് മണ്ടേലയുടെ സ്വപ്നച്ചിറക് തളർത്താനുമായില്ല. സ്വപ്നിക്കാതിരിക്കാനാവാത്തതിനാലവർ ജീവിക്കുന്നു.

സ്വപ്നത്തിന്റെ മൂലകാരണമെന്തായാലും സ്വപ്ന സഫലീകരണം പലർക്കും അനിവാര്യമായിത്തീരുന്നു. സ്വപ്നസഫലീകരണമില്ലാതെ അവർക്ക് ജീവിതമില്ല. സ്വപ്നത്തിന്റെ വേരുകൾ മുളച്ചത് ഏത് മൺതടത്തിലാണെന്നവർ പരതുന്നില്ല.സ്വപ്നത്തിന്റെ കായ്ഫലങ്ങളാണവരുടെ ലക്ഷ്യം. മഹൽ പ്രതിഭകൾക്ക് മാത്രമല്ല, സാധാരണക്കാരായ മനുഷ്യർക്കും ഇതു സംഭവിക്കുന്നു.

അനീഷ് കെ വി

കൈറ്റ് മാസ്റ്റർ

# നന്ദി

മധ്യ ആഫ്രിക്കയിലെ ഒരു ഉൾനാടൻ പ്രദേശം. ബിസിനസ് ആവശ്യത്തിനായി എഡ്വാർഡ് എന്ന ഒരു വെള്ളക്കാരൻ കാറിൽപാഞ്ഞു പോകുകയായിരുന്നു കഴിവതും വേഗം നഗരത്തിലെത്തണം . ജോലിയൊക്കെ കഴിഞ്ഞ് ഇരുട്ടുന്നതിനു മുൻപ് തിരികെ വീട്ടിലെത്തുകയും വേണം . അതിനാൽ തന്നെയാണ് നല്ല എഡ്വാർഡ് വേഗത്തിൽ വാഹനം ഓടിച്ചത്.

മഴക്കാലമാണ് ഇടയ്ക്ക് നദിയിൽ വെള്ളം പെരുകും . അത് എപ്പോഴെന്ന് പറയാനാവില്ല. പിന്നെ , റോഡ് ഏത് നദി ഏത് എന്നു തിരിച്ചറിയാൻ പറ്റില്ല. ഇരുട്ടായാൽ അപകടം ഇരട്ടിയാണ്.

കുറച്ചുകൂടി വേഗം പോകണം എന്ന് എഡ്വാർഡ് വിചാരിച്ചു. അപ്പോഴേക്കും വീണ്ടും മഴയെത്തി. ആഞ്ഞടിക്കുന്ന മഴയിൽ വാഹനം ഓടിക്കുക വിഷമമാണ്.

അപ്പോഴാണ് മുന്നിൽ വലിയൊരു പാറ കണ്ടത്.റോഡിനു കൃത്യം നടുവിൽ!

എഡ്വാർഡ് വാഹനം നിർത്തി. പാറയുടെ ഒരു വശത്തുകൂടി കഷ്ടിച്ച് വാഹനത്തിന് കടന്നുപോകാം. പക്ഷേ, സൂക്ഷിക്കണം. അപ്പുറം അഗാധമായകൊക്കയാണ്

പെട്ടെന്ന് ഒരു ബാലൻ അവിടെ എത്തി.ചില്ലിനപ്പുറം അവന്റെ മുഖം കണ്ടു.നനഞ്ഞൊലിച്ചാണ് നിപ്പ്.

എഡ്വാർഡ് ചില്ല് താഴ്ത്തി.

"സാർ, ഞാനാണ് ഈ പാറക്കല്ല് റോഡിലിട്ടത്.ഞാനതു മാറ്റിത്തരാം. "

എഡ്വാർഡിന് അരിശം വന്നു,വഴിയുടെ നടുവിൽ കല്ല് ഇട്ട് വാഹനം തടയുക.പിന്നെ, പണം വാങ്ങി ആ പാറക്കല്ല് മാറ്റികൊടുക്കുക.

"ഇതാണു നിന്റെ പണി അല്ലേ?"

" അല്ല സാർ, എന്റെ അമ്മയെ ആശുപത്രിയിലെത്തിക്കണം. ഞാൻ ഇതുവഴി പോയ എല്ലാ വാഹനങ്ങൾക്കും കൈ കാണിച്ചു.ആരും നിർത്തിയില്ല.അതികൊണ്ടാണ് ഞാൻ റോഡിനു നടുവിൽ പാറക്കല്ലിട്ടത്...... "ആ ബാലൻ അപേക്ഷാപൂർവ്വം നിന്നു.

എഡ്വാർഡ് പൊട്ടിത്തെറിച്ചു." വാഹനം തടഞ്ഞുനിർത്തിയാണോ നീ സഹായം ചോദിക്കുന്നത്? ഇതെന്തു മര്യാദ? നിന്റെ അമ്മയെ ആശുപത്രിയിൽ കൊണ്ടു പോകാൻ എനിക്കു മനസ്സില്ല."

ഇത്രയും പറഞ്ഞ് ആ പെരുമഴയത്ത് കല്ല് ഉരുട്ടിമാറ്റാൻ എഡ്വാർഡ് തന്നെ മുന്നിട്ടറങ്ങി.

" വേണ്ട സാർ, സാർ നനയണ്ട ഞാൻ തന്നെ കല്ല് മാറ്റാം," ഇത്രയും പറഞ്ഞ് ആ ബാലൻ പാറക്കല്ല് റോഡിൻെറ ഒരു വശത്തേക്ക് ഉരുട്ടിമാറ്റി. എഡ്വാർഡ് ഒരു നിമിഷം അവനെ നോക്കി എഡ്വാർഡിന് കരുണ തോന്നി.

" നിൻെറ അമ്മയ്ക്ക് എന്തുപറ്റി?" അയാൾ ചോദിച്ചു.

" ശ്വാസം കഴിക്കാൻ വിഷമിക്കുകയാണ്. തീരെ വയ്യ അവൻ ഏങ്ങലടിച്ചുകൊണ്ട് പറഞ്ഞു. ആരും വണ്ടി നിർത്താതെ വന്നപ്പോഴാണ് ഞാൻ കല്ല് മറിച്ചിട്ടു വഴി തടഞ്ഞത്."

എഡ്വാർഡ് പിന്നൊന്നു പറഞ്ഞില്ല. അവൻെറ അമ്മയെ ആശുപത്രിയിൽ കൊണ്ടുപോകുക തന്നെ എന്നയാൾ ഉറപ്പിച്ചു.

പക്ഷേ, തൻെറ പദ്ധതികളൊക്കെ അതോടെ തെറ്റും. സമയത്തിന് നഗരത്തിലെത്താൻ പറ്റില്ല. മടക്കയാത്രയും വൈകും. എന്താ ചെയ്ക?

സമീപത്തുള്ള ചെറിയൊരു മൺവീട്ടിൽ അവശനിലയിൽ കിടക്കുകയായിരുന്നു അമ്മ. ആ ബാലൻ പാറക്കല്ല് റോഡിൻെറ ഒരു വശത്തേക്ക് ഉരുട്ടിമാറ്റി .

എഡ്വാർഡ് ഒരു നിമിഷം അവനെ നോക്കി എഡ്വാർഡിന് കരുണ തോന്നി.നിൻെറ അമ്മയ്ക്ക് എന്തുപറ്റി ? അയാൾ ചോദിച്ചു.

ശ്വാസം കഴിക്കാൻ വിഷമിക്കുയാണ്. തീരെ വയ്യ അവൻ ഏങ്ങലടിച്ചുകൊണ്ട് പറഞ്ഞു.ആരും വണ്ടി നിർത്താതെ വന്നപ്പോഴാണ് ഞാൻ കല്ല് മറിച്ചിട്ടു വഴി തടഞ്ഞത്.

എഡ്വാർഡ് പിന്നൊന്നും പറഞ്ഞില്ല. അവൻെറ അമ്മയെ ആശുപത്രിയിൽ കൊണ്ടുപോകുക തന്നെ എന്നയാൾ ഉറപ്പിച്ചു.

പക്ഷേ, തൻെറ പദ്ധതികളൊക്കെ അതോടെ തെറ്റും.സമയത്തിന് നഗരത്തിലെത്താൻ പറ്റില്ല. മടക്കയാത്രയും വൈകും. എന്താ ചെയ്ക?

സമീപത്തുള്ള ചെറിയൊരു മൺവീട്ടിൽ അവശനിലയിൽ കിടക്കുകയായിരുന്നു അമ്മ. ആ ബാലൻ അവൻെറ അമ്മയെ താങ്ങി കാറിൽ കയറ്റി. എഡ്വാർഡ് വണ്ടി തിരിച്ചു വിട്ടു.ആ അമ്മയെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് അയാൾ പുറത്തിറങ്ങി.

മഴക്ക് ഇത്തിരി ശമനമായതുപോലെ തോന്നി. ഹും,ഒരു മണിക്കൂറോളം പാഴായി. അയാൾ കാറിൽ കയറി ഇരുന്ന സമയത്ത് ആ ബാലൻ ഓടിവന്നു.

ഡോക്ടർ മരുന്നു കൊടുത്തു. ഇനി അമ്മയ്ക്ക് സുഖമാകും.വളരെ നന്ദിയുണ്ട് സാർ. സാറാണ് അമ്മയുടെ ജീവൻ രക്ഷിച്ചത്. അവൻ പറഞ്ഞു.

എഡ്വാർഡ് ഒന്നു മൂളുക മാത്രം ചെയ്തു. അവൻെറ കാര്യം രക്ഷപ്പെട്ടു. പക്ഷേ, അതിൻെറ പേരിൽ തനിക്കുണ്ടായ സമയം നഷ്ടമോ? അയാൾക്ക് ദേഷ്യമാണ് തോന്നിയത്. പെട്ടെന്നാണ് ഒരാൾ ഓടിവന്ന് ആ വാർത്ത അറിയിച്ചത്!

ബാംഗി നദി കരകവിഞ്ഞു. പാലം ഒഴുകിപോയി. കുറെ ഏറെ വാഹനങ്ങൾ

അപകടത്തിൽപ്പെട്ടു.

അങ്ങോട്ടു പോകരുത് എന്ന് അയാൾ മുന്നറിയിപ്പു നൽകി. നഗരം മുങ്ങുകയാണ്. ആളുകൾ കൂട്ടമായി മറ്റു സ്ഥലങ്ങളിലേക്കു പാലായനം ചെയ്യുകയാണത്രേ!

ഒരു നിമിഷം എഡ്വാർഡ് സ്തംഭിച്ചു നിന്നുപോയി. ആ ബാലൻ വണ്ടി തടഞ്ഞുനിർത്തിയില്ലാരുന്നെങ്കിൽ താനും ആ പാലത്തിൽ കുടുങ്ങുമായിരുന്നു. വാഹനം മാത്രമല്ല തൻെറ ജീവനും അപകടത്തിലായേനെ ! എഡ്വാർഡ് വാഹനത്തിൽ നിന്നിറങ്ങി ആ ബാലനു നേരെ ചെന്നു. അയാൾ ആ കുട്ടിയെ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു " നന്ദി ഞാനാണ് പറയേണ്ടത്. നീ എൻെറ ജീവൻ രക്ഷിച്ചു. "

സാന്ദ്ര ഉദയൻ

9B

# കലാ പ്രതിഭകൾ









S.N.D.P H.S.S. കാരംവേലി
സംസ്ഥാനതലത്തിൽ മികച്ച വിജയം കരസ്ഥമാക്കിയ പ്രതിഭകൾക്ക് അഭിനന്ദനങ്ങൾ
ശാസ്ത്ര മേള
ഇംപ്രൊവൈസ്ഡ് എക്സ്പിരിമെന്റ്
ഗണിത ശാസ്ത്രമേള
റിസേർച്ച് പ്രോജക്ട്
സ്പെഷ്യൽ സ്കൂൾ കലോത്സവം
മാപ്പിളപ്പാട്ട്
അങ്കിതാ പി. രാജ്
A Grade (XI)
ഡെന്നി ജോബിൻ ഡാനിയൽ
A Grade (XI)
റിയ രൺജി മാത്യു
A Grade (XI)
ഗോപിക S
A Grade (XII)
പ്രവർത്തി പരിചയമേള
ഇലക്ട്രിക്കൽ വയറിംഗ്
അഗർബത്തി നിർമ്മാണം
ബുക്ക് ബയൻഡിംഗ്
സ്കൂൾ കലോത്സവം (HS)
ഇംഗ്ലീഷ് പദ്യോച്ചാരണം
ജഗൻ രാജ് C
A Grade (XI)
അഭിഷേക് S
A Grade (XI)
മിധു B
B Grade (XI)
ആദിത്യ മനോജ്
A Grade (9th)
നാടൻപാട്ട് (HSS) A Grade
1. മൃദുൽ മഹേഷ് 2. മെൽവിൻ ടി.എം 3. ജയരാജ് ആർ 4. അതുൽ എം.എ
5. ആര്യദേവ് എം.പി 6. മുഹമദ് അബ്ദുൾ സലാം 7. ആരോൺ ചെറിയാൻ ലാലു
മാത്സ് മാഗസിൻ A Grade
ആശംസകളോടെ... മാനേജ്മെന്റ്, പി.ടി.എ. & സ്റ്റാഫ്

'**പട്ടം പോലെ**' ഇവിടെ പൂർണ്ണമാവുകയാണ്. ഞങ്ങളുടെ ഈ ചെറിയ വലിയ കലാസൃഷ്ടിക്കുവേണ്ട എല്ലാ പ്രചോദനവും നൽകിയ ഞങ്ങളുടെ ഹെഡ്മിസ്ട്രസ്സ് ഓമനകുമാരി ടീച്ചറിനും,അധ്യാപകർക്കും ഞങ്ങൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും സഹായസഹകരണവും നൽകിയ കൈറ്റ് മാസ്റ്റർ അനീഷ് സാറിനും കൈറ്റ് മിസ്ട്രസ്സ് സ്മിത ടീച്ചറിനും കോഴഞ്ചേരി സബ്ജില്ലയുടെ മാസ്റ്റർട്രെയിനർ ബ്ലസ്സി ഫിലിപ്പ് ടീച്ചറിനും ലിറ്റിൽ കൈറ്റ് യൂണിറ്റിൻെറ പേരിലുള്ള നന്ദി ഞാൻ രേഖപ്പെടുത്തുന്നു.



ആദിത്യ മനോജ്
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ലീഡർ